വഴിവെളിച്ചം

# കൃഷിയുടെ മഹത്വം

عَن أَنَس رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: مَا مِنْ مُسْلِمٍ يَغْرُسُ غَرَسًا أَوْ يَزْرَعُ زَرْعًا فَيَأْكُلُ مِنْهُ طَيْرٌ أَوْ إِنْسَانٌ أَوْ بَهِيمَةٌ إِلَّا كَانَ لَهُ بِهِ صَدَقَةَ

**അനസി(റ)ൽനിന്ന്: റസൂൽ(സ) പറഞ്ഞു: "ഒരു മുസ്‌ലിം ചെടി നടുകയോ കൃഷി ചെയ്യുകയോ ചെയ്യുന്നു. അതിൽനിന്ന് പക്ഷിയോ മനുഷ്യനോ മൃഗമോ ഭക്ഷിക്കുന്നു. എങ്കിലത് (അവന്റെ പേരിലുള്ള) ദാനധർമമായല്ലാതെ ഭവിക്കുകയില്ല"** (ബുഖാരി).

**മനുഷ്യന്റെ** ഭൗതികാവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭക്ഷണം. ആഹാരമില്ലാതെ അധിക നാൾ ആർക്കും ജീവിക്കാൻ സാധ്യമല്ല. മനുഷ്യന്റെ ആഹാരത്തിന്റെ ആവശ്യത്തിനായി അല്ലാഹു ഭൂമിയിൽ നിരവധി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. നാം കൃഷിചെയ്യുന്ന മണ്ണ് അതിലൊന്നാണ്. ഫലഭൂയിഷ്ഠമായ മണ്ണിൽ മരങ്ങളും ചെടികളും വെച്ചുപിടിപ്പിക്കുന്നത് ഏറെ പുണ്യമുള്ള കാര്യമാണെന്ന് വ്യക്തമാക്കുന്ന ഹദീസാണിത്.

മരം നടുന്നതിന് പ്രവാചകൻ ശക്തിയായ പ്രേരണയാണ് നൽകിയിട്ടുള്ളത്. അവിടുന്ന് പറയുന്നു: "ഒരാൾ വൃക്ഷത്തൈ നടാനൊരുങ്ങുമ്പോഴാണ് ലോകം അവസാനിക്കുന്നതെങ്കിൽ പോലും അതിന് മുമ്പ് നടാൻ കഴിയുമെങ്കിൽ അതയാൾ നടട്ടെ."

ആ ദിനം എത്ര ഭീകരമാണ്! ഗർഭിണികൾ സ്വയമറിയാതെ പ്രസവിക്കും! മുലയൂട്ടുന്ന മാതാക്കൾ കുഞ്ഞുങ്ങളെ വലിച്ചെറിയും! അതാണ് ആ ദിനത്തിന്റെ ഭയാനകത. എന്നാൽ പോലും മരം കുഴിച്ചിടണമെന്നാണ് പ്രവാചകൻ ഉപദേശിക്കുന്നത്. മറ്റൊരു ഹദീസിൽ ഇങ്ങനെ വന്നിട്ടുണ്ട്. "അന്ത്യനാളിൽ ഭൂമിയിലെ മരങ്ങളുടെ എണ്ണത്തിന് തുല്യം പേർക്ക് ശിപാർശ പറയാൻ നബിക്ക് അനുവാദമുണ്ടായിരിക്കും." മരം നടുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന ഹദീസുകളാണിതെല്ലാം.

ഒരിക്കൽ വൃദ്ധനായ ഒരു സ്വഹാബി ഈന്തപ്പനചെടി നടുകയായിരുന്നു. അപ്പോൾ അതിലൂടെ കടന്നുപോയ ഒരാൾ ചോദിച്ചു: "വയസു കാലത്താണോ ചെടി നടുന്നത്? ഇത് നട്ടിട്ട് നിങ്ങൾക്കെന്ത് കിട്ടാനാണ്?" അദ്ദേഹം മറുപടി പറഞ്ഞു: "എനിക്കത് തിന്നാൻ കിട്ടില്ലായിരിക്കാം. പക്ഷേ ഇതിൽനിന്ന് പക്ഷികളോ മൃഗങ്ങളോ, മനുഷ്യരോ ആരുപയോഗിച്ചാലും അതിന്റെ പ്രതിഫലം എനിക്ക് കിട്ടുകതന്നെ ചെയ്യും. എനിക്കത് മതി."

മരം നടുക എന്നത് പോലെ പ്രധാനമാണ്, അതിന്റെ സംരക്ഷണവും. വൃക്ഷത്തൈകൾ നട്ട

ശേഷം ആ വഴിക്ക് തിരിഞ്ഞു നോക്കാത്ത അവസ്ഥ ഉണ്ടാവരുത്. ചെടികളും മരങ്ങളും വെച്ചു പിടിപ്പിച്ചു ഭൂമിയെ കൃഷിയോഗ്യമാക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയത്രെ. സ്വന്തം ഭൂമിയിൽ കൃഷി ചെയ്യണമെന്ന് ഉമർ(റ) തന്റെ പിതാവിനോട് പറഞ്ഞപ്പോൾ "എനിക്ക് വയസ്സായി. ഇന്നോ നാളെയോ ഞാൻ പോകും. പിന്നെ എന്ത് കൃഷി?" എന്നായിരുന്നു പിതാവിന്റെ മറുപടി. പിതാവിന്റെ തീരുമാനം കേട്ടപ്പോൾ ഉമർ(റ) പിതാവിന്റെ കൈ പിടിച്ചു തൈ നടീച്ച സംഭവം ചരിത്രത്തിൽ കാണാം:

നബി(സ)യുടെ കാലത്ത് സ്വഹാബിമാർ കൃഷിയിൽ നല്ല താൽപര്യം കാണിച്ചിരുന്നു. കൃഷി ചെയ്യാത്ത തരിശ് നിലങ്ങൾ വളരെ കുറവായിരുന്നു. പല സ്വഹാബിമാരും വൻ കാർഷിക വരുമാനമുള്ളവരായിരുന്നു. ഏറ്റവും ശ്രേഷ്ഠമായ സമ്പാദ്യം കൃഷി തന്നെയായിരുന്നു അവർക്ക്. നബിയുടെ പ്രോത്സാഹനമാണ് അതിന്റെ പിന്നിലുണ്ടായിരുന്നത്.

കൃഷിക്ക് താൽപര്യമില്ലാത്ത ഒരു തലമുറയാണിന്ന് വളർന്നു വരുന്നതെന്ന് കാണുമ്പോൾ നമ്മുടെ ഭാവിയെപ്പറ്റി ആർക്കും ആശങ്കയുണ്ടാവും. കൃഷിയുടെ മഹത്വം മനസ്സിലാക്കി ഈ മേഖലയിൽ കൂടുതൽ ഇടപെടാൻ വിശ്വാസികൾ മുന്നോട്ടു വരണം. ■

**അബ്ദുൽജബ്ബാർ കൂരാരി**